# GREGORIAN

**PARISH BULLETIN**

# മരുഭൂമിയിലെ പരുമല

**ST. GREGORIOS ORTHODOX CHURCH SHARJAH**

മാർച്ച് 2024

ESTD : 1979 Vol 03/2024
MARCH 2024/ Pages 12






# നോമ്പിന്റെ വസന്തകാലം

നോമ്പ് എന്ന വാക്കിന്റെ അർത്ഥം തന്നെ വസന്തം എന്നാണ്. അതെ നാം ഒരു വസന്തകാലത്തേക്ക് പ്രവേശിക്കുകയാണ്. വലിയ വസന്തത്തിന്റെ 50 ദിവസങ്ങൾക്ക് മുമ്പേ അതിന്റെ വിവരമറിയിച്ചു. അതിനായി നമ്മെ ഒരുക്കിക്കൊണ്ടും ഒരു ചെറിയ വസന്തത്തിന്റെ മൂന്ന് ദിനങ്ങളും. ഇവിടെ ശരിക്കും തീർത്ഥാടകരാകുന്നവർക്കാണ് ഇതിന്റെ അന്ത്യത്തിൽ ഉയർപ്പിന്റെ വസന്തം ആസ്വദിക്കാനാവുക. ഈ തീർത്ഥാടനത്തിന് ആടയാഭരണങ്ങൾ പാടില്ല, വഴിക്ക് പൊക്കണവും ചെരുപ്പും ഒന്നും പാടില്ല. കാരണം അവയൊക്കെ തീർത്ഥാടനത്തിന്റെ പാതയിൽ നിന്നും വ്യതിചലിപ്പിക്കാൻ പോന്നവയാണ്. തികച്ചും ഏകാഗ്രതയും മനനവും ആണ് ആവശ്യം. മനനം സംഭവിച്ചാൽ സഞ്ചരിക്കേണ്ട പാതയ്ക്ക് ഒരു തെളിവുണ്ടാകും. ലക്ഷ്യം കൃത്യമായി വെളിപ്പെടും. വസന്ത കാലം പ്രതീക്ഷിച്ചു നാം നടത്തുന്ന നോമ്പ് എന്ന തീർത്ഥയാത്രയ്ക്ക് മുന്നൊരുക്കം ആവശ്യമാണ്. ശരീരത്തെയും മനസ്സിനെയും അതിനായി ഒരുക്കണം. അതിനാണ് കാഴ്ചകളുടെയും ഭക്ഷണത്തിന്റെയും സംസ്കാരത്തിന്റെയും ഒക്കെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. ഏതൊരു ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗത്തിനും അതിന്റേതായ ഡിസിപ്ലിൻ ആവശ്യമാണ്. (Discipleship) ശിഷ്യത്വത്തിന്റെ പ്രധാന ഘടകം ഡിസിപ്ലിൻ (അച്ചടക്കം) ആണല്ലോ. അച്ചടക്കം കുറെ നിയമങ്ങൾ നിർബന്ധിച്ചു പാലിക്കുവാൻ ആവശ്യപ്പെടുന്നതല്ല. ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും അച്ചടക്കമാണ് ആവശ്യം. അവയ്ക്ക് അച്ചടക്കം ഉണ്ടാകുമ്പോഴാണ് ഒരാളിലെ ശിഷ്യത്വം തെളിവാർന്നതാകുന്നത്. ശിഷ്യത്വമാണ് തീർത്ഥാടനത്തിന്റെ പാത. തീർത്ഥാടകൻ/തീർത്ഥാടക വസന്തത്തിന്റെ വർണ്ണം വിരിയിക്കും. നോമ്പ് ഒരു ആചരണമാണ്. ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും അവരുടെ ഉദ്ദേശലക്ഷ്യങ്ങളിലേക്ക് മടക്കി അയക്കുവാൻ പര്യാപ്തമാകുന്ന ആചരണം. ചിന്തകളെ കടിഞ്ഞാണിട്ട് ചിത്തത്തിൽ നടത്തുന്ന, ശരീരത്തെ അതിന്റെ വഴിവിട്ട പ്രയാണങ്ങളിൽ നിന്ന് തടയുന്ന, ആത്മാവിനെ പ്രകാശിപ്പിക്കുന്ന ഒരു ആചരണം. കുലീനമല്ലാത്ത കുറെയേറെ കാര്യങ്ങൾ ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടാകാം. ഭൂതകാലത്തേക്ക് തിരിഞ്ഞു നോക്കി, വർത്തമാന നിമിഷങ്ങൾക്ക് പ്രഭനൽകി, ഭാവി കാലത്തേക്കുള്ള പ്രയാണം പ്രശോഭിതമാക്കണം നോമ്പ് ദിനങ്ങൾ. നിരന്തരമായി ചെയ്ത കാര്യങ്ങൾ ഒരാളുടെ സംസ്കാരമായി മാറും. നോമ്പ് ഒരു പ്രതിസംസ്കാരത്തിലേക്കുള്ള വിളിയാണ്. ഉറവിടങ്ങളിലേക്കുള്ള മടക്കമാണ്. പാപം ചെയ്യുന്നതിനു മുമ്പ് ആദമും ഹവ്വയും അനുഭവിച്ച യഥാർത്ഥ വസന്തത്തിലേക്കുള്ള മടങ്ങിപ്പോക്കാണ് നോമ്പ്. വെറും ആചാരവും ആചരണവുമായി മാറിപ്പോകാതെ മുൻപറഞ്ഞ കാര്യങ്ങൾ നോമ്പിലൂടെ സാധ്യമാകണം. എല്ലാ മുഖങ്ങളും എടുത്തുമാറ്റി ആനന്ദത്തിന്റെ വസന്തം വിരിയിക്കുവാൻ നോമ്പ് ഉതകണം. ശരിക്കും നമുക്ക് ഒരു മനോഭാവം സൃഷ്ടിച്ചെടുക്കുവാൻ സാധിക്കണം. അനുഷ്ഠാനാചാരണങ്ങൾക്കപ്പുറമുള്ള ആനന്ദത്തിന്റെ മതിയാവുന്ന മനോഭാവം.

കർത്താവിൽ പ്രിയരേ, നമ്മുടെ ഭവനങ്ങളിൽ നോമ്പിന്റെ പ്രാർത്ഥനകൾ ചൊല്ലിയും നമ്മുടെ ഭക്ഷണക്രമങ്ങൾ നോമ്പിന് അനുസൃതമാക്കിയും നമ്മുടെ കേൾവിയും കാഴ്ചയും വിശദീകരിക്കുകയും നമ്മുടെ വാക്കുകൾക്ക് പവിത്രത നൽകിയും നമ്മുടെ ജീവിതത്തിനും ക്രമങ്ങൾക്കും ശാന്തത നൽകിയും ഈ നോമ്പ് നോക്കാം. നമുക്കും ഒരു വസന്തം വിരിയിക്കാം.



**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ.**

ഗ്രീഗോറിയൻ

മാർച്ച് 2024

കുംഭം – മീനം 1199

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

ഗ്രീഗോറിയൻ
(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
ലക്കം : 03/2024

വെരി.റവ.ഫിലിപ്പ്.എം.സാമുവൽ
കോർ എപ്പിസ്കോപ്പ
(വികാരി)

ഫാ. ജിജോ തോമസ് പുതുപ്പള്ളി
(സഹ. വികാരി)

ശ്രീ. തോമസ് തരകൻ എം.ഒ.
(ഇടവക ട്രസ്റ്റി)

ശ്രീ. ബിനു മാത്യു
(ഇടവക സെക്രട്ടറി)

ശ്രീ. ജോബിൻ വർഗ്ഗീസ്
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

ശ്രീ. ജോജി റ്റി. മാത്യു
(ഇടവക പ്രതിനിധി)

പ്രസാധകർ
ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവക
(ഇടവക അംഗങ്ങൾക്ക് മാത്രം)

ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
e-mail: gregorianshj@gmail.com





# SURGE AHEAD UN TO THE THRONE OF GRACE

## THE CROSS AT CALVARY

Dearly beloved in Christ,
Blessings and Greetings to you all.

We are passing through the second half of the Great Lent season, in which we are obliged to meditate the divine act of our Lord Jesus Christ and identify with his passion, crucifixion and resurrection. To remind and recall this objective we have installed the Holy Cross in the center of the Church. The Cross at Calvary and salvation through it are the special plans of God for the sake of his creation. It is the supreme manifestation of God's love and mercy towards His creation. We read in St. John 3:16 "God so loved the world that He gave His only begotten Son that whoever believes in Him should not perish, but have eternal life". St. Paul teaches that by His abundant and undefinable love, God himself gave up all divine powers and authorities, emptied Himself and came in the likeness of man. (Philip. 2:7). It is also written that "God shows His own love towards us in that while we were still sinners, Christ died for us". (Romans 5: 8).


The true spirit for observing Lent and Fasting are fading now a days. Most of us wish to follow an easy and comfortable spiritual methodology to attain divine blessings. We do not keep an awareness about the equal importance of our biological, spiritual and eternal life, the three forms of our life in which we believe. The observance of Holy Lent is a spiritual therapy for the wellbeing of our holistic personality. A deep longing and sincere desire for God's intervention in our personal life is possible through the observance of Lent. Fasting purifies our mind, controls our passions and senses and enable us to check our emotions. Lent and fasting are inevitable for the attainment of close mental and physical proximity with God.

In our Eastern Church tradition there is a saying that "Fasting is feasting with God". The Lent and Fasting sustain us in God's communion and through which we attain divine grace and enlightenment. The honor of Fasting consists not in abstinence from food, but in withdrawing from sinful practices. "He who limits his fasting only to an abstinence from meals is one who disparages the Lent" says St. John, the Chrysostom.

Reconciliation with God and fellow beings are the keys for attaining divine mercy and kindness. Our Father in heaven forgives us freely but we must be aware that it is at the cost of His blood poured out on the Cross at Calvary. For us this Lenten period is the time of re dedication and transformation. Try our level best to eliminate the vices which engulfed the present world and our life situations. We must admit our shortcomings, follies through a self-evaluation process and beseech God "Lord grant me a clean heart, renew your steadfast spirit in me". Holy Confession is a spiritual bath to clean our inner being, which is the dwelling place of the Holy Spirit. It is the renewal of our Baptismal Covenant in which we renounce Satan and accept Lord Jesus Christ. By this sacrament we attain a renewed spiritual personality as St. Paul taught "I have been crucified with Christ, it is no longer I who live, but Christ lives in me". (Galatians 2:20). Believe that our Lord is so proud and happy about a sinner who repents and reach back to Him. The spirit of pardon, reconciliation and repentance are being taken part in our sacrament of Holy Confession. Bible says if we confess our sins, God is faithful and just, He will forgive our sins and cleanse us from all impurities. (1 John 1:9). There is no need for us to carry on our sins and burdens any longer, come to the feet of the Cross at Calvary and attain pardon and atonement to proceed for a worthy and victorious life. "Let us come boldly un to the throne of Grace, with a sincere heart, in full assurance of faith, having our hearts sprinkled to cleanse us from a guilty conscience and having our bodies washed with pure water". (Heb. 10:22).

May the observance of our Lord's passion, crucifixion and resurrection enable us to attain divine blessings for a worthy and victorious life in this earth.

May God bless us all.



**Philip M. Samuel**
**Cor Episcopos, Vicar**

# പുനരുത്ഥാനത്തിലേക്ക് 'പാതി–ദൂരം' ബാക്കി

ജിജോ പുതുപ്പള്ളി അച്ചൻ – സഹ വികാരി



മടുപ്പിക്കുന്ന, അവസാനിക്കുന്നില്ലല്ലോ എന്ന തോന്നൽ ചിലർക്കെങ്കിലും ഉളവാക്കുന്ന, ഒരു ട്രെയിൻ യാത്രയായി പലരും വലിയ നോമ്പിനെ വിശേഷിപ്പിക്കാറുണ്ട്. ആർക്കും എവിടെനിന്നും കയറാവുന്ന, മുൻകൂർ ബുക്കിങ് ആവശ്യമില്ലാത്ത ഈ ട്രെയിൻ യാത്ര ആസ്വദിക്കുന്നത് അല്പം ശ്രമകരമാണ്. സാധാരണ യാത്രകളിൽ ഒപ്പം കരുതുന്ന പല സാമഗ്രികളും ഈ പ്രത്യേക യാത്രയിൽ രസം-കൊല്ലികളായി അനുഭവപ്പെട്ടേക്കാം. ഈ 50-ദിന യാത്രയിൽ , പലതും വഴിയിൽ ഉപേക്ഷിക്കാനുള്ളതും ഒരു പക്ഷേ ഇതുവരെ കിട്ടിയിട്ടില്ലാത്ത പലതും നേടിയെടുക്കാനുമുള്ളതാണ് എന്നതാണ് കാരണം. പലരും ഈ യാത്രയിൽ ഉത്ഭവസ്ഥാനത്തിനും ലക്ഷ്യത്തിനും ഇടയ്ക്കുള്ള 48 സ്റ്റോപ്പുകളിൽ നിന്നും ഇഷ്ടം പോലെ കയറുകയും അലക്ഷ്യമായി പെരുമാറുകയും വളരെ കുറച്ചു പേർ മാത്രം പൂർണ്ണതയോടും സംതൃപ്തിയോടും യാത്ര പൂർത്തീകരിക്കുകയും ചെയ്യുന്ന ഒരു യാത്രയും ആണ് എന്നത് ശ്രദ്ധേയമാണ്. ഈ യാത്രയിൽ ടിക്കറ്റ് എക്സാമിനർമാർ ഇല്ല, യാത്രയ്ക്കുള്ള തുക യാത്രക്കാർ മുൻകൂർ നൽകേണ്ടതില്ലയെന്നത് കൂടാതെ ഒരു ഇടവേളയ്ക്ക് ശേഷം യാത്ര ചെയ്തതിനുള്ള പ്രതിഫലം യാത്രക്കാർക്ക് നല്കപ്പെടുന്നു എന്നതും ഈ യാത്രയുടെ പ്രത്യേകതകളാണ്. ഈ സവിശേഷതകൾ നിലനിൽക്കുമ്പോഴും അലക്ഷ്യമായും തയ്യാറെടുപ്പില്ലാതെയും സഞ്ചരിക്കേണ്ട ഒരു യാത്രയല്ല ഇത് എന്ന് പിതാക്കന്മാർ കാലങ്ങളായി പറയുന്നത് കേൾക്കാത്തവര ാണ് യാത്രക്കാരായ നമ്മിൽ പലരും എന്നതും വിസ്മരിക്കാവതല്ല. ഈ സാഹചര്യത്തിലാണ് 50 ദിവസങ്ങളുടെ നീണ്ട നോമ്പ് യാത്രയുടെ പാതി ദൂരം പിന്നിടുമ്പോൾ ചില സാരമായ ചിന്തകൾ നമ്മെ ഭരിക്കേണ്ടത്. നോമ്പ് എന്ന ചര്യ സമ്മാനിക്കുന്ന ചൈതന്യത്തെ ഓർമ്മിപ്പിക്കുന്ന, ഈ ദിനങ്ങളിൽ ഉൾക്കൊള്ളേണ്ട കാതലായ ആ ചിന്തകൾ പങ്കുവെക്കട്ടെ:

**വഴികളെ നേരെയാക്കുവാനുള്ള അവസരം**

ലൗകീക തൃഷ്ണകളുടെ സ്വാധീനത്തിൽ വഴി മാറി സഞ്ചരിക്കുന്ന മനസ്സിനെയും ശരീരത്തെയും നേർവഴിക്കാക്കുന്ന കർമ്മമാണ് നോമ്പ് നിർവഹിക്കുന്നത്. നോമ്പ് മനസ്സുകൊണ്ട് ആരംഭിക്കുകയും അതിനെ തുടർന്ന് ശരീരം കൊണ്ട് പിന്തുടരുകയും ചെയ്യുമ്പോഴാണ് അത് ഭാഗികമായെങ്കിലും പൂർണ്ണതയിലെത്തുക. കൊത്നെ, ഈസ്റ്റർ ഞായറാഴ്ചകൾക്ക് മദ്ധ്യേ വരുന്ന 7 ആഴ്ചകൾ കൊണ്ട് വരുത്തേണ്ട മാനസാന്തരം ആണ് നോമ്പിന്റെ അത്യന്തിക നിയോഗം. ശരീരത്തെയും, മനസ്സിനെയും, ആത്മാവിനെയും നന്നായി കരുതുന്നതിൽ നോമ്പിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് നോമ്പിനെ ഉൾക്കൊള്ളുവാൻ വിശ്വാസികളെ വീണ്ടും ക്ഷണിക്കുന്ന ദിനം ആണ് പാതി നോമ്പ്. വണ്ടിയിലേക്ക് യാത്രക്കാരെ വിളിച്ചുകയറ്റുന്നത് പോലെയൊരു കർമ്മമല്ല ഈ ശുശ്രൂഷയും സന്ദേശവും നിർവഹിക്കുന്നതെന്നും എടുത്തു പറയട്ടെ. പാതിവഴിയിൽ എങ്കിലും പൂർണ്ണമായ ബോധ്യത്തോടെ, ആത്മീയമായ ആവശ്യകതയെ മനസ്സിലാക്കി തുടർന്നുള്ള ദിവസങ്ങൾ എങ്കിലും നോമ്പാചരണം നടത്തുവാൻ തൽപരർക്കുള്ള ക്ഷണം ആണ്. കർത്താവായ യേശു തമ്പുരാന്റെ പുനരുത്ഥാനദിനത്തിലേക്ക് അവന്റെയൊപ്പം അവന്റെ സ്മരണയിലും സ്പർശനത്തിലും നടന്നടുക്കുക എന്ന ലക്ഷ്യം മൂലം പാതി നോമ്പിന്റെ ശുശ്രൂഷയ്ക്ക് നാം കരുതുന്നതിലും കൂടുതൽ പ്രാധാന്യമുണ്ട്.

**രക്ഷയ്ക്കായി ഉയർത്തപ്പെടുന്ന സ്ലീബാ**

വലിയ നോമ്പാരംഭത്തിൽ 'ശുബുക്കോനോ'ശുശ്രൂഷയ്ക്കുള്ളതിന് സമാനമായ പ്രാധാന്യം 'പാതിനോമ്പ്' ശുശ്രൂഷയിലെ ഗോൽഗോഥാ ധമിനോർത്ത എന്നും അറിയപ്പെടുന്നു പ്രതിഷ്ഠയ്ക്കുമുണ്ട്. പാതിനോമ്പിന്റെ പ്രത്യക്ഷ സൂചികയായ ഗോൽഗോഥാ നാട്ടുന്നത് പാതി നോമ്പ് ബുധനാഴ്ചയിലെ ശുശ്രൂഷയിലാണ്. 'മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തി യതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു' (യോഹന്നാൻ 3.14) എന്ന കർത്താവിന്റെ പ്രവചനസമാനമായ വചനത്തെ അടിസ്ഥാനമാക്കിയാണ് പ്രതീകാത്മകമായി ദേവാലയമദ്ധ്യേ ഗോൽഗോഥാ നാട്ടുന്നത്. എല്ലാവരും ചെയ്യുന്നതുകൊണ്ട് ഞാനും' എന്ന മട്ടിലോ പുരോഹിതന്റെ കൈമുത്തുന്നതിന് പകരം മുത്താനുള്ളത് എന്നോ ചിന്തിച്ച് ആ കർമ്മത്തിന്റെ അർത്ഥം അറിയാതെ പലരും ഗോൽഗോഥാ മുത്തുന്നതായി തോന്നിയിട്ടുണ്ട്. യഥാർത്ഥത്തിൽ ആ കർമ്മത്തിന് അടിസ്ഥാനമായിരിക്കുന്നത് സംഖ്യാപുസ്തകം 21:6-9 വരെ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്ന സംഭവമാണ്. ദൈവശിക്ഷയിൽ നിന്ന് രക്ഷ നേടുവാനായി മോശ പാളയത്തിന് മദ്ധ്യേ നാട്ടിയ പിച്ചളസർപ്പത്തെയാണ് ഗോൽഗോഥാ പ്രതിനിധീകരിക്കുന്നത്. ആ സർപ്പത്തെ നോക്കിയവർക്ക് മരണത്തിൽനിന്ന് വിടുതൽ ലഭിച്ചപോലെ, പാപത്തിന്റെ കരാളഹസ്തങ്ങളിൽ പെട്ടവർ ഗോൽഗോഥായിലേക്ക് നോക്കിയും, ഗോൽഗോഥായെ സ്പർശിച്ചും മശിഹായുടെ രക്ഷയും അനുഗ്രഹവും പ്രാപിക്കും എന്നാണ് സഭ പഠിപ്പിക്കുന്നത്. ഈസ്റ്റർ വരെയുള്ള നോമ്പിന്റെ തുടർദിനങ്ങളിൽ സ്വയം ആത്മീയ-ഉത്തേജനം പ്രാപിക്കുവാൻ ഗോൽഗോഥാ നമ്മെ ഓർമ്മപ്പെടുത്തുന്നു.

**പാതിനോമ്പിന്റെ ക്രമം**

നോമ്പിലെ 3-ാം ഞായറാഴ്ചയ്ക്ക് ശേഷമുള്ള ബുധനാഴ്ചയുടെ (അതായത് ചൊവ്വാഴ്ച വൈകിട്ട്) സന്ധ്യാനമസ്കാരവേളയിൽ ഗോൽഗോഥാ നാട്ടുന്നതിന്റെ ആദ്യഘട്ടം നടത്തപ്പെടുന്നു. സ്ലീബായിൽ ഊറാറ ചുറ്റിവയ്ക്കുകയും പിറ്റേന്ന് ബുധനാഴ്ച പാതിനോമ്പിന്റെ ശുശ്രൂഷാസമയത്ത് രണ്ടാം ഘട്ടം പൂർത്തീകരിക്കുകയുമാണ് രീതി. എന്നാൽ നമ്മുടെ പ്രത്യേക സാഹചര്യത്തിൽ ചൊവ്വാഴ്ച്ച സന്ധ്യാനമസ്കാരത്തെ തുടർന്ന് വിശുദ്ധ കുർബ്ബാനയും പാതി നോമ്പിന്റെ ശുശ്രൂഷയും നടത്തുകയാണ് പതിവ്. ശുശ്രൂഷയുടെ മദ്ധ്യേ കുരിശ് ഗോൽഗോഥായിൽ നിന്നെടുത്ത് സ്ലീബാ ആഘോഷം നടത്തി, സ്ലീബാ പെരുന്നാൾ ദിവസത്തിന് സമാനമായ രീതിയിൽ സ്ലീബായുടെ കുക്കിലിയോൻ ചൊല്ലിക്കൊണ്ടും, സ്ലീബായിൽ ഊറാറാ ചുറ്റിയശേഷം ഗോൽഗോഥായുടെ മദ്ധ്യേ പ്രതിഷ്ഠിക്കുകയും ചെയ്തുകൊണ്ടാണ് ക്രമം അവസാനിക്കുന്നത്. കർത്താവിന്റെ കുരിശിനെ പ്രകീർത്തിച്ചുകൊണ്ട് സ്ലീബാ ആഘോഷം നടത്തപ്പെട്ട് സഭയും വിശ്വാസികളും ശുദ്ധീകരിക്കപ്പെടുന്ന മറ്റൊരു ശ്രേഷ്ഠമായ ദിനം കൂടി ലഭ്യമാകുന്നതിൽ ദൈവത്തെ സ്തുതിക്കുവാനും നമുക്ക് കഴിയുന്നു.



ആദിമകാലത്ത് സഭാപിതാക്കന്മാർ ഈസ്റ്റർ ദിനത്തിനുശേഷം മാമോദീസാ മുങ്ങുന്നതിന് തയ്യാറായിരിക്കുന്ന വിശ്വാസികൾക്ക് ആവശ്യമായ പ്രബോധനങ്ങളും നിർദ്ദേശങ്ങളും നൽകിയിരുന്നത് പാതിനോമ്പിന് ശേഷം മിനോർത്തായ്ക്ക് സമീപം ഇരുന്നുകൊണ്ടായിരുന്നു എന്ന് കേട്ടിട്ടുണ്ട്. ആദിമകാല സഭയുടെ വളർച്ചാകാലത്ത് പാതിനോമ്പിന് ശേഷം ഈസ്റ്റർ ദിനത്തിൽ മാത്രമായിരുന്നു വി. മാമോദീസ നടത്തിയിരുന്നത് എന്നതിനാൽ അതിനുള്ള തയ്യാറെടുപ്പെന്ന നിലയിൽ ഇത്തരം പ്രബോധനങ്ങൾ വളരെ പ്രധാനമായിരുന്നു.

**മിനോർത്തായുടെ അർത്ഥവും പ്രസക്തിയും**

ഗോൽഗോഥാ അഥവാ മിനോർത്താ ദൈവാലയത്തിന്റെ മദ്ധ്യത്തിൽ തന്നെ പ്രതിഷ്ഠിക്കുന്നതിനെ പറ്റി കേട്ടിട്ടുള്ളത് 'ദൈവപുത്രൻ സാധാരണ മനുഷ്യരുടെ മദ്ധ്യത്തിലേക്ക് ഇറങ്ങിവന്നിരിക്കുന്നു' എന്നതിന്റെ സ്ഥിരീകരണം ആയാണ്. ആ പ്രതീകം വഴിയായി തുടർന്നുള്ള നോമ്പ് ദിനങ്ങളിൽ വിശ്വാസികൾക്ക് തീക്ഷ്ണതയോടെയും സമർപ്പണത്തോടെയും സ്വയം ബലിയാകാനുള്ള സന്നദ്ധതയോടെയും പശ്ചാത്താപത്തോടെയും ദൈവസന്നിധിയിലേക്ക് അടുത്തുവരാനുള്ള അവസരം ഒരുങ്ങുന്നു എന്ന് കൂടിയാണ്. കഷ്ടാനുഭവ ആഴ്ചയിൽ ഗോഗുൽത്തായുടെ സ്ഥാനം വി. മദ്ബഹയിലേക്ക് മാറുന്നതിന്റെ സാരാംശം ആ ദിനങ്ങളിൽ യേശുക്രിസ്തു തെരഞ്ഞെടുക്കപ്പെട്ടവരായ വ്യക്തികൾക്ക് മാത്രമേ ദൃശ്യനും സമീപസ്ഥനും ആയിരുന്നുള്ളൂ എന്നുമാണ്. അടുത്ത 25 ദിവസങ്ങൾ ഉത്സാഹത്തോടെയും കാൽവറിയിലെ മഹായാഗവേദിയിൽ 'അഭിഷേകം' ചെയ്യപ്പെടുന്ന, ബലി കഴിക്കപ്പെടുന്ന കുഞ്ഞാടിന്റെ ഒപ്പം ചേരുവാൻ നമുക്ക് സന്നദ്ധരാവാം ഏത് ക്രിസ്ത്യാനിയുടെയും ഒരു വർഷത്തെ ആത്മീയതീർത്ഥയാത്രയുടെ പരിസമാപ്തിയായി ഉത്ഥിതനായ ക്രിസ്തുവിനെ ദർശിക്കുവാനുള്ള യത്നത്തിനായി ശരീരമനസ്സുകളെ കൊണ്ട് ഒരുങ്ങിയിരിക്കാം

**പാതിനോമ്പും അബ്ഗാർ രാജാവും**

പാതിനോമ്പ് ദിനത്തിലെ ശുശ്രൂഷയുടെ മറ്റൊരു പ്രാധാന്യം ഇതേ ദിനത്തിലാണ് പരി. സഭ അബ്ഗാർ രാജാവിന്റെ ഓർമ്മ കഴിക്കുന്നത് എന്നതാണ്. ചരിത്രരേഖകൾ പ്രകാരം യേശുക്രിസ്തുവിന്റെ കാലഘട്ടത്തിൽ ജനിച്ച്, എഡേസായിലെ രാജാവായിരുന്നു. യദൃശ്ചയാമായി യേശുക്രിസ്തുവിനെ കുറിച്ച് കേട്ടറിയുകയും മരുന്നില്ലാതെ അന്ധരെയും, മുടന്തരെയും, കുഷ്ഠരോഗികളെയും സൗഖ്യമാക്കുകയും ചെയ്യുന്ന അവനിൽ വിശ്വസിക്കയും ഭാവിയിൽ മാമോദീസ മുങ്ങി ക്രിസ്ത്യാനി ആകുകയും ചെയ്ത ആദ്യ രാജാവാണ് അബ്ഗാർ. യേശുവിനെ കുറിച്ചറിഞ്ഞ് അബ്ഗാർ യേശുക്രിസ്തുവിന് കത്ത് അയച്ചുവെന്നും യേശു അദ്ദേഹത്തിന് മറുപടി അയച്ചുവെന്നും ചരിത്രം സാക്ഷിക്കുന്നു. കുഷ്ഠരോഗബാധിതനായ തന്നെ യേശുക്രിസ്തു തന്നെ സുഖപ്പെടുത്തുമെന്നുള്ള വിശ്വാസത്തെ കുറിച്ചും ക്രിസ്തുവിനെ ബുദ്ധിമുട്ടിക്കുന്നവരായ യഹൂദരിൽ നിന്നും പരീശരിൽ നിന്നും സംരക്ഷണം ഒരുക്കുവാൻ തന്റെ രാജധാനിയിൽ സൗകര്യമുണ്ടെന്നും അറിയിക്കുകയും തന്നെ കാണുവാനും സൗഖ്യപ്പെടുത്തുവാനും എഡേസായിലേക്ക് കടന്നുവരണമെന്നും അദ്ദേഹം കത്തിലൂടെ അപേക്ഷിക്കുകയുണ്ടായി. തന്നെ

കാണാതെ തന്നിൽ വിശ്വസിച്ച അബ്ഗാറിനെ യേശു ശ്ലാഘിക്കുകയും, താൻ ആരാൽ അയയ്ക്കപ്പെട്ടുവോ ആ നിർദ്ദേശങ്ങൾ നടപ്പിലാക്കിയശേഷം അവിടേക്ക് തന്നെ മടങ്ങേണ്ടവനാണെന്നും എടുക്കപ്പെടേണ്ടവനാണെന്നും കത്ത് വഴി തന്നെ യേശു മറുപടി നൽകുകയും ചെയ്യുകയാണ്. എന്നാൽ ആ മടക്കയാത്രയ്ക്കുശേഷം തന്റെ ശിഷ്യരിലൊരാളെ താൻ അയയ്ക്കുമെന്നും ആ ശിഷ്യൻ രാജാവിന് ജീവനും സൗഖ്യവും നൽകുമെന്നും ആണ് കത്തിൽ പറഞ്ഞിരിക്കുന്നത്. യേശുക്രിസ്തു സ്വന്തം കൈപ്പടയിൽ എഴുതിയതായി വിശ്വസിക്കപ്പെടുന്ന ഏക കത്തുമാണ് ഇത്.

അങ്ങനെ സ്വർഗ്ഗാരോഹണത്തിന് ശേഷം വി. മാർത്തോമ്മാ ശ്ലീഹായുടെ നിർദ്ദേശപ്രകാരം മാർ ആദായിയെ എഡേസായിലേക്ക് അയയ്ക്കുകയും രാജാവിന്റെ കുഷ്ഠരോഗം സൗഖ്യപ്പെടുകയും ചെയ്തു എന്നാണ് ചരിത്രരേഖകൾ വെളിപ്പെടുത്തുന്നത്. പതിനേഴാം നൂറ്റാണ്ടുവരെ നീണ്ടുനിൽക്കുന്ന സവിശേഷ-സഹോദര-സ്നേഹബന്ധം എഡേസയിലെ സഭയുമായി നമ്മുടെ സഭ തുടക്കം കുറിക്കുന്നതും അന്ന് മുതലാണ്.

യേശുക്രിസ്തുവിന്റെ ശക്തിയിൽ ശരീരം നിർമ്മലമാക്കപ്പെട്ട രാജാവ് മാമോദീസ മുങ്ങി ക്രിസ്ത്യാനി ആകുകയും ചെയ്തു ശ്ലീഹായുടെ ശിഷ്യനായി മാറുകയും ചെയ്തു. രാജാവിന്റെ പിന്നാലെ രാജവംശത്തിലെയും രാജ്യത്തിലെയും അനേകരും മാമോദീസാ മുങ്ങി ക്രിസ്ത്യാനികളാവുകയും ചെയ്തു. കുറെ നാളുകൾക്ക് ശേഷം രാജാവിന് ഒരു സ്ലീബായും കർത്താവിന്റെ മുഖം ഒപ്പിയത് എന്ന് കരുതുന്ന ഒരു തൂവാലയും ലഭിച്ചു. അത് കർത്താവ് കൊടുത്തുവിട്ടതായിട്ടാണ് രാജാവ് കരുതിയത്. എഡേസാ സഭയുടെ വിലമതിക്കാനാവാത്ത സ്വത്തായി അബ്ഗാർ അഞ്ചാമൻ രാജാവ് 'കർത്താവിന്റെ കത്ത്, സ്ലീബാ, തൂവാല' എന്നിവ രാജധാനിയിൽ സൂക്ഷിക്കുകയും ഇടയ്ക്ക് അവ പൊതുദർശനത്തിനായി പുറത്തെടുക്കുകയും ചെയ്യുമായിരുന്നു. അബ്ഗാർ രാജാവ് ക്രിസ്തീയ സഭയുടെ വളർച്ചയുടെ ആദ്യഘട്ടങ്ങളിൽ ക്രിസ്ത്യാനിയായ രാജാവായി മാറി എന്നതും ശ്രദ്ധേയമാണ്.


**ഉപസംഹാരം**

മേൽപറഞ്ഞ അനുഷ്ഠാനങ്ങളും അവയുടെ അടിസ്ഥാനവും അവയിൽ അന്തർലീനമായിരിക്കുന്ന ദൈവസാന്നിധ്യവും മേൽപറഞ്ഞ ദൈവീക ഇടപെടലിന്റെ വിവരണവും നൽകുന്ന സന്ദേശം വളരെ പ്രധാനമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള, ഒരിക്കലും തകർക്കാൻ കഴിയാത്ത ബന്ധത്തെ കുറിച്ചാണ് അവ നമ്മോട് പറയുന്നത്. മനുഷ്യൻ എന്ന ദൈവസൃഷ്ടിക്ക്, ദൈവത്തിന്റെ ഹിതത്തിനും നിയന്ത്രണത്തിനും വിധേയമാകാതെ ചലിക്കുവാനോ ചുവട് വയ്ക്കുവാനോ പ്രത്യക്ഷമായോ പരോക്ഷമായോ ദൈവഹിതത്തിന് വിരുദ്ധമായി തീരുമാനമെടുക്കുവാനോ ഒരിക്കലും സാധിക്കില്ല. അതിൽ വീഴ്ച സംഭവിക്കുമ്പോൾ മേൽപറഞ്ഞ വസ്തുതകളുമായി പരസ്പര-ബന്ധിതമായി കിടക്കുന്ന വെല്ലുവിളികളും പരീക്ഷണങ്ങളും തിരിച്ചടികളും നിരാശകളും വീഴ്ചകളും നേരിടേണ്ടിവരികയും ചെയ്യുന്നതും സ്വാഭാവികമാണ്. സഹജീവികൾ വഴിയായും സമ്പത്തിൽ നിന്നോ ലഭ്യമായ വിഭവങ്ങളിൽ നിന്നോ ലഭിക്കുന്ന പ്രതിവിധികൾ വ്യർഥവും വിലയില്ലാത്തതുമായി മാറുകയും അവിടെ ദൈവികയിടപെടൽ മാത്രമേ പരിഹാരമാകൂ എന്ന യാഥാർഥ്യം നിലനിൽക്കുകയും ചെയ്യുന്നു. ആ വിശ്വാസവും ബോധ്യവും ഉള്ളവർക്ക് മാത്രമേ നോമ്പും ഉപവാസവും കുമ്പിടീലും പ്രത്യേക പ്രാർഥനകളും അർത്ഥപൂർണ്ണമാവുകയുള്ളൂ. അതിനായുള്ള ഇത്തരം ചെറിയ പരിശ്രമങ്ങൾ ആർക്കും അരോചകമോ അർത്ഥശൂന്യമോ ആയി അനുഭവപ്പെടില്ല എന്ന പ്രത്യാശയാണ് ഇത്തരം ചിന്തകളിലൂടെ തമ്പുരാൻ വീണ്ടും ഉണർത്തുന്നത് എന്നും വിശ്വസിക്കുന്നു. സമാധാനവും ആത്മീയവളർച്ചയും കൈമുതലായി ദൈവം സാരഥിയുമായി ക്രിസ്തുവിന്റെ പുനരുദ്ധാനത്തിലേക്ക് അനുഗ്രഹപ്രദമായി ചുവട് വയ്ക്കുവാൻ ദൈവത്തിന്റെ പരിശുദ്ധ റൂഹാ ഏവർക്കും വഴികാട്ടിയാകട്ടെ!

ദൈവം അനുഗ്രഹിക്കട്ടെ

സ്നേഹപൂർവ്വം

പുതുപ്പള്ളി അച്ചൻ



ഭാരത സഭയുടെ ചക്രവർത്തി, മലങ്കരയുടെ മോറാൻ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയ്ക്ക് യു എ ഇ യുടെ മണ്ണിലേക്ക് സ്വാഗതം



ഡൽഹി ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് തിരുമേനിക്ക് ഷാർജയിലേക്ക് സ്വാഗതം

## ഇടവകയിലേക്ക് സ്വാഗതം



ഈ വർഷത്തെ ഹാശാ ആഴ്ച ശുശ്രൂഷകൾക്ക് അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത (കൽക്കട്ട) തിരുമനസ്സുകൊണ്ട് മുഖ്യ കാർമ്മികത്വം വഹിക്കുന്നതാണ്.



ഈ വർഷത്തെ കഷ്ടാനുഭവയാഴ്ച ശുശ്രൂഷകൾക്ക് സഹകാർമ്മികത്വം വഹിക്കുന്നതിനും, ഓ.വി.ബി.എസിന് നേതൃത്വം നൽകുന്നതിനുമായി എത്തിച്ചേരുന്ന ബഹു. സുമോദ് ജോൺ സാമുവേൽ അച്ചൻ (ഡൽഹി).

# കാതോലിക്കാദിനം

കാതോലിക്കാദിനം 'സഭാദിന' മായി ആചരിക്കുന്നത് പരിശുദ്ധ സഭയോടും പ. മാർത്തോമ്മാ സിംഹാസനത്തോടും പ.ബാവാ തിരുമേനിയോടും പ.എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോടുമുള്ള കൂറും വിധേയത്വവും ആവർത്തിച്ചു പ്രഖ്യാപിക്കുന്നതിനു വേണ്ടിയാണ്. കൂടാതെ പൗരസ്ത്യ കാതോലിക്കാസിംഹാസനം മലങ്കരയിൽ പുനഃസ്ഥാപിച്ചതിന്റെ ആഘോഷവും കൂടിയാകുന്നു. കാതോലിക്കാസിംഹാസനം പുതിയ സൃഷ്ടിയല്ലെന്നും അത് പുരാതനമായ സെലൂഷ്യയിലെ കാതോലിക്കേറ്റിനെ മലങ്കരയിൽ മാറ്റി സ്ഥാപിച്ചതാണെന്നും ചരിത്രവസ്തുതകൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ഈ മഹാസംരംഭത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാ പൂർവ്വ പിതാക്കന്മാരെയും ഇത്തരുണത്തിൽ ഓർക്കേണ്ടത് നമ്മുടെ കടമയാണ്. ഭാഗ്യസ്മരണാർഹനായ പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ ദീർഘവീക്ഷണവും സമർപ്പിതഭാവവും ഊർജ്ജസ്വലതയുമാണ് ഈ മഹാസംഭവത്തിനു വഴിയൊരുക്കിയതെന്ന് നിസ്സംശയം പറയാം.

അന്ത്യോഖ്യയുടെ പാത്രിയർക്കീസായിരുന്ന പരിശുദ്ധ അബ്ദേദ് മശിഹാ ബാവാ 1912 സെപ്റ്റംബർ മാസത്തിൽ നിരണം പള്ളിയിൽ വച്ച് മുറിമറ്റത്ത് പൗലോസ് മാർ ഈവാനിയോസ് തിരുമേനിയെ പൗരസ്ത്യ കാതോലിക്കാ ആയി വാഴിക്കുകയും ബാവായുടെ കല്പനയിൽ പൗരസ്ത്യ കാതോലിക്കായ്ക്ക് മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനും, വി.മൂറോൻ കൂദാശ നടത്തുന്നതിനും പാത്രിയർക്കീസന്മാർക്കുള്ളതുപോലെ സഭാപരമായ എല്ലാ അധികാരങ്ങളും വിനിയോഗിക്കുന്നതിനും അവകാശമുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇത് സഭാചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്.

**സഭാദിനത്തിൽ നമുക്ക് ചെയ്യാവുന്നത്**

സഭാദിനത്തിൽ നമുക്ക് പ്രവർത്തിപഥത്തിൽ കൊണ്ടുവരാവുന്നതും വരും വർഷങ്ങളിൽ പൂർത്തീകരിച്ച് സഭയുടെ അനുഗ്രഹപ്രദമായ വളർച്ചയ്ക്കു സഹായിക്കുന്നതുമായ ഏതാനും കാര്യങ്ങൾ താഴ കൊടുക്കുന്നു.

1. സഭയ്ക്കും സഭാപിതാക്കന്മാർക്കും വേണ്ടി പ്രാർത്ഥിക്കുക
2. വേദഭാഗങ്ങൾ ശരിയായി പഠിപ്പിക്കുകയും അവയ്ക്കു അനുസൃതമായി ജീവിക്കുകയും ചെയ്യുക.
3. 'സ്തുതി ചൊവ്വാക്കപ്പെട്ട' സത്യവിശ്വാസം പഠിക്കുകയും മറ്റുള്ളവരെ മനസ്സിലാക്കുകയും ചെയ്യുക.
4. സഭയുടെ കല്പനകളും ഉപദേശങ്ങളും അനുഷ്ഠിക്കുക.
5. സഭയുടെ എല്ലാപ്രവർത്തനങ്ങളിലും പങ്കാളികളാകുക.
6. സഭയിൽ സമാധാനവും ഐക്യവും ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക
7. മറ്റു വിശ്വാസികളെ പറ്റി പ്രത്യേകമായ കരുതൽ ഉണ്ടാകുക

**March 17th, Sunday**

| | |
|---|---|
| 06.50 am | Catholicate Flag Hoisting |
| 07.00 am – 10.30 am | Morning Prayer & **Holy Qurbana** |
| 10.45 am – 12.00 pm | Catholicate Day Pledge, Rally, Public Meeting |

# സ്വയശീർഷകത്തിന്റെ ആവിഷ്കാരമായ കാതോലിക്കേറ്റ്:



മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകപാരമ്പര്യം അസന്നിഗ്ധമായി അവകാശപ്പെടുന്ന സഭയാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ മാർത്തോമ്മാ ശ്ലീഹായുടെ കേരളക്കരയിലെ സുവിശേഷ ദൗത്യവും മൈലാപ്പൂരിലെ രക്തസാക്ഷി മരണവും നാലാം നൂറ്റാണ്ടുമുതലുള്ള ചരിത്ര രേഖകളിലും പ്രമാണിക ഗ്രന്ഥങ്ങളിലും സഭാ പിതാക്കന്മാരുടെ എഴുത്തുകളിലും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഏഴു പള്ളി സ്ഥാപിക്കുകയും നാല് കുടുംബങ്ങളിൽ നിന്ന് പട്ടക്കാരെ വാഴിക്കുകയും മാത്രമല്ല പൗരസ്ത്യ ആരാധന ക്രമത്തിനു തുടക്കം കുറിക്കുക കൂടി ചെയ്തു. സുറിയാനി ഭാഷയിലുള്ള വി.മത്തായി ശ്ലീഹായുടെ സുവിശേഷം മാർത്തോമ്മാ ശ്ലീഹാതന്നെ മലങ്കര സഭയിലെ വിശ്വാസികൾക്ക് നൽകിയെന്നത് നമ്മുടെ പാരമ്പര്യമാണ്. മലങ്കര സഭ എന്നും ഭാരതത്തിലെ തദ്ദേശീയ സഭയായി ഭാരതസംസ്കാരം പുലർത്തുകയും ഹൈന്ദവമതവുമായി തികഞ്ഞ മൈത്രീബന്ധത്തിൽ തുടരുകയും ചെയ്തു.

മലബാർ തീരത്തിന് വിദേശരാജ്യങ്ങളുമായി വ്യാപാരമുണ്ടായിരുന്നതുകൊണ്ട് പേർഷ്യൻ സഭയിൽ നിന്ന് കുടിയേറ്റക്കാരുടെ കൂട്ടത്തിൽ നാലാം നൂറ്റാണ്ടുമുതൽ മെത്രാന്മാർ ഇവിടെവന്നപ്പോൾ ഇവിടെ നിലവിലുണ്ടായിരുന്ന സുറിയാനി ഭാഷാ പരിജ്ഞാനവും ആരാധനാ രീതിയുമായി സാമ്യമുണ്ടായിരുന്ന അവരുടെ കുറെകൂടി വികസിതമായ സുറിയാനി ആരാധനാ പാരമ്പര്യം ഉൾക്കൊണ്ടുപോകാൻ തോമ്മാശ്ളീഹായുടെ മലങ്കരയിലെ മക്കൾക്ക് പ്രയാസമുണ്ടായില്ല

**കാതോലിക്കാ സ്ഥാപനവും 1934ലെ സഭാ ഭരണഘടനയും**

ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ എന്ന വട്ടശ്ശേരിൽ തിരുമേനി 1909ൽ മാർ ദീവന്നാസ്യോസ് അഞ്ചാമനു ശേഷം മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റത് കാതോലിക്കേറ്റിന്റെ ഭാഗ്യനക്ഷത്ര ഉദയമായിരുന്നു. എന്നാൽ 1910ലെ അബ്ദുള്ള പാത്രിയർക്കീസിന്റെ മലങ്കരയിലുള്ള ആഗമനത്തോടെ മലങ്കര സഭയിൽ ശനിദശ ആരംഭിച്ചു. അബ്ദുള്ള പാത്രിയർക്കീസിന്റെ ശാഠ്യം മൂലം കൂട്ടുട്രസ്റ്റിമാരായിരുന്ന കോനാട്ട് മാത്തൻ മൽപാന്റെയും സി.ജെ. കുര്യന്റെയും പ്രേരണയാൽ വട്ടശേരിൽ തിരുമേനിയുടെകൂടെ പട്ടമേറ്റുവന്ന പൗലോസ് മാർ കൂറിലോസ് പാത്രിയർക്കീസിന് മലങ്കര സഭയുടെമേൽ ലൗകികാധികാരം ഉണ്ടായിരിക്കും എന്ന് എഴുതിക്കൊടുത്തു. അതിനു വിസമ്മതിച്ച മാർ ദീവന്നാസ്യോസ് കാതോലിക്കേറ്റിന്റെ ശിരസ്സുയർത്തി. പക്ഷെ 1911 ജൂണിൽ അബ്ദുള്ള പാത്രിയർക്കീസിന്റെ മുടക്കുവാങ്ങി. മുടക്കിനെ തൃണവത്ഗണിച്ച് മലങ്കര സഭയിലെ ബഹുഭൂരിപക്ഷം പള്ളികളും വട്ടശ്ശേരിൽ തിരുമേനിയുടെ സ്വാതന്ത്ര്യാവബോധത്തിനു പിന്നിൽ പാറപോലെ ഉറച്ചുനിന്നു. മറുഭാഗത്തിന്റെ കൊലപാതക ഭീഷണിവരെ നേരിടേണ്ടിവന്നു വട്ടശേരിൽ തിരുമേനിക്ക് മലങ്കരസഭയുടെ ആവശ്യപ്രകാരം 1912 ജൂണിൽ ഇവിടെയെത്തിയ അബ്ദിൽ മശിഹ പാത്രിയർക്കീസ് 1912 സെപ്റ്റംബർ 15-ാം തീയതി കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത മുറിമറ്റത്തിൽ പൗലോസ് മാർ ഇവാനിയോസിനെ നിരണം പള്ളിയിൽവെച്ച് മലങ്കര സഭയുടെ ഒന്നാം കാതോലിക്കായായി സർവസ്വതന്ത്ര അധികാരങ്ങളോടെ സ്ഥാനാരോഹണം നടത്തിയതോടുകൂടി സ്വാതന്ത്ര്യത്തിനും സ്വയശീർഷകത്തിനും വേണ്ടി നിലകൊണ്ട മലങ്കര സഭയിൽ അതിന്റെ 1860-ാം വാർഷികത്തിൽ ഏറ്റവും വലിയ പാരിതോഷികമായി മലങ്കര സഭയുടെ മാഗ്നാകാർട്ടാ ആയ കാതോലിക്കാ സ്ഥാപനം ലഭിച്ചു. അന്നു മുതൽ ഇന്നു വരെ മലങ്കര സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് സ്വതന്ത്ര്യമായി സ്ഥാനാരോഹണം നൽകിയ എല്ലാ കാതോലിക്കാമാരും മാർത്തോമ്മാ ശ്ളീഹായുടെ പൗരസ്ത്യ ശ്ളൈഹിക സിംഹാസനത്തിൽ ആരൂഢമായിരിക്കുന്നത് സാധുതയുള്ളതാണെന്ന് ഇന്ത്യയിലെ പരമോന്നതനീതിപീഠമായ സുപ്രീം കോടതി 1958 മുതൽ ഇന്നുവരെയുള്ള സർവ വിധികളുടെയും അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. 1934ലെ ഭരണഘടനാ രൂപീകരണം ചരിത്രത്തിലെ മറ്റൊരു സുപ്രധാന നാഴികക്കല്ലായി മാറി. 1958ലെ സുപ്രീം കോടതി വിധി സഭയ്ക്ക് അനുകൂലമായി വന്നപ്പോൾ അന്ത്യോക്യാ പാത്രിയർക്കീസിനെ സമാധാന ഉടമ്പടി മൂലം സ്വീകരിച്ച പരി.ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ 1934ലെ ഭരണഘടനയ്ക്ക് വിധേയമായി സ്വീകരിക്കുന്നുവെന്നത് സ്വീകരിച്ച പാത്രിയർക്കീസ് മലങ്കര സഭയുടെ കാതോലിക്കേറ്റിന്റെ സ്വയശീർഷകത്വം സന്തോഷപൂർവ്വം അംഗീകരിക്കുകയായിരുന്നു. 1958ലെ സുപ്രീം കോടതി വിധി അരക്കിട്ടുറപ്പിച്ച 1995ലെയും 1997ലെയും 2002ലെയും 2017ലെയും സുപ്രീം കോടതി വിധികളെല്ലാം കാതോലിക്കേറ്റിന്റെ സർവസ്വതന്ത്രാധികാരം ഊട്ടിയുറപ്പിച്ചു.

കാതോലിക്കേറ്റിന്റെ ഉന്നമനത്തിനുവേണ്ടി പ്രാണത്യാഗംചെയ്ത മലങ്കരയുടെ ധീരപുത്രന്മാർ ആനപ്പാപ്പി മുതൽ മലങ്കര വർഗീസ് വരെ സ്വർഗത്തിൽ ഇരുന്ന് സന്തോഷിക്കുന്നു. കാതോലിക്കേറ്റിനെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാൻ മലങ്കര സഭാ മക്കൾ ആജീവാനാന്തം പ്രതിജ്ഞാബദ്ധരാണ്. ഭാരതത്തിലെ മണ്ണിന്റെ മണമുള്ള ദേശീയസഭയായി പുരോഗമിക്കാൻ മലങ്കരയിലെ കാതോലിക്കാദിനാചരണം നമുക്ക് പ്രചോദനം നൽകട്ടെ.

പരി. കാതോലിക്ക ബാവ

മലങ്കര നസ്രാണി കൂനൻ കുരിശു മുതൽ ഇതുവരെ നടത്തിയ സകല പ്രവർത്തനങ്ങളും മലങ്കര സഭയുടെ സ്വാതന്ത്ര്യം മുറുകെ പിടിക്കുന്നതിനു വേണ്ടിയായിരുന്നു. കാലമേറെ മാറിയാലും നാം ഈ ബോധ്യത്തിൽനിന്നു പിന്നോട്ട് പൊയ്ക്കൂടാ. ഭാഗ്യ സ്മരണാർഹനായ അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത പറഞ്ഞതുപോലെ, ഞാൻ പഴയ ചാണ്ടി ആയി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലീത്തയായി കഴിയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു നായയെപ്പോലെ മരിക്കേണ്ടിവന്നാലും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ പോരാടും. ഇത്തരം മെത്രാപ്പോലീത്താമാരുടെ, ഗംഭീര വ്യക്തിത്വങ്ങളുടെ ശ്രമഫലമായി നേടിയെടുത്ത സ്വാതന്ത്ര്യം ഒരിക്കലും കളഞ്ഞു കുളിക്കാതിരിക്കുക. സഭയുടെ മകുടമാകുന്ന കതോലിക്കേറ്റിന്റെ ഉയർച്ച സ്വന്തം ഉയർച്ചയായും, ആ കതോലിക്കേറ്റിന്റെ തളർച്ച സ്വന്തം തളർച്ചയായും എണ്ണുക. ജീവനുള്ള കാലത്തോളം മലങ്കര നസ്രാണിയായി നിലനിൽക്കുക. അന്ത്യം വരെ നസ്രാണിത്തം കൈവിട്ടു കളയാതിരിക്കുക. ഏവർക്കും കാതോലിക്കാദിന ആശംസകൾ.

# അക്ഷരനഗരിയെ അലകടലാക്കി മലങ്കര നസ്രാണികൾ




ചുട്ടുപൊള്ളുന്ന കൊടും ചൂടിനെ അവഗണിച്ച് സ്വന്തം സഭയുടെ സ്വത്വം സംരക്ഷിക്കുവാൻ, അതിനെ വാനോളം ഉയർത്തുവാൻ അക്ഷര നഗരിയെ അക്ഷരാർത്ഥത്തിൽ പീതവർണ്ണ പതാകയിൽ കുളിപ്പിച്ച് ജനലക്ഷങ്ങൾ അണിനിരന്നു. മലങ്കര സഭയുടെ മഹാ സമ്മേളന നഗരിയിലേക്ക് എം ഡി സെമിനാരി കോമ്പൗണ്ടിൽ നിന്ന് മലങ്കര സഭയുടെ മക്കൾ ആർത്തിരമ്പിയപ്പോൾ കോട്ടയം പട്ടണം ഇന്നുവരെ കാണാത്ത ജനസാഗരത്തിനു സാക്ഷിയായി. ബസേലിയോസ് കോളേജിന്റെ മുന്നിൽ നിന്ന് മാർത്തോമൻ സമ്മേളന നഗരിയിലേക്ക് മുൻവശം എത്തുമ്പോൾ പതിനായിരങ്ങൾ എം ഡി സ്കൂൾ കോംമ്പൗണ്ടിൽ നിന്ന് ഇറങ്ങിയിരുന്നില്ല. സമ്മേളനം തുടങ്ങി ഒരു മണിക്കൂറിനു ശേഷവും മലങ്കര സഭ മക്കൾ നാഗമ്പടം നെഹ്റു സ്റ്റേഡിയത്തിലേക്ക് എത്തികൊണ്ടിരുന്നു. വിവിധ ഭദ്രാസനങ്ങൾ തങ്ങളുടെ ബാനറിൽ പുറകിൽ അണിനിരന്നു, പലരും വാദ്യമേളങ്ങളുടെ അകമ്പടിയോടെ ആണ് ഘോഷയാത്രയിൽ പങ്കെടുത്തത്. മലങ്കര സഭയുടെ പിതാക്കന്മാർ വിശ്വാസികൾക്കൊപ്പം ഏറ്റവും മുന്നിൽ ഉണ്ടായിരുന്നു എന്നതും അനുഭവമായി, പല രാഷ്ട്രീയ നേതാക്കളും ഘോഷയാത്രക്ക് അകമ്പടി നൽകി.

ഭക്ഷണവും വെള്ളവും ഉൾപ്പെടെ വഴിയിലും സ്റ്റേഡിയത്തിലും തയാറാക്കിയിരുന്നു. വരുന്ന വഴികളിൽ പല സ്റ്റേജുകളിലായി പൈതൃക കലാരൂപങ്ങൾ അരങ്ങേറുന്നുണ്ടായിരുന്നു. മെഡിക്കൽ സംവിധാനങ്ങളും,പാർക്കിങ്ങും ഉൾപ്പെടെ ക്രമീകരിച്ചു സംമ്മേളനത്തിനു മാറ്റു കൂട്ടി തെക്കും വടക്കും എന്നില്ലാതെ മലങ്കര നസ്രാണികൾ.. മാർത്തോമൻ നാഗരിയിലേക്കു എത്തിയപ്പോൾ മലങ്കര സഭയുടെ അസുലഭ ദിനമായി, കൂറ്റൻ പന്തലിൽ ജനലക്ഷങ്ങൾ അണിനിരന്നപ്പോൾ മാർത്തോമൻ പൈതൃകത്തിന്റ സവിശേഷതകളും അതിന്റെ പ്രാധാന്യവും ജനം തിരിച്ചറിഞ്ഞു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഭിമാനങ്ങളായ ഓരോ മലങ്കര നസ്രാണിക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദിയുടെ പൂച്ചെണ്ടുകൾ.... മാർത്തോമൻ പൈതൃക സംഗമ സമ്മേളനം അനുഗ്രഹകരമായി പൂർത്തീകരിക്കുവാൻ സഹായിച്ച പരമ കാരുണ്യവാനായ ദൈവത്തിനോടും, അധ്യക്ഷപദം അലങ്കരിച്ച പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ ബസ്സലേിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമേനി, പൈതൃക സംഗമത്തിൽ പങ്കെടുത്ത വിശിഷ്ടാതിഥികൾ, അഭിവന്ദ്യ മെത്രാപ്പോലീത്തമാർ, വൈദികർ, അൽമായർ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, അച്ചടക്കമുള്ള മഹാ സമ്മേളനത്തിന്റെ സംഘാടകരായിരുന്ന മലങ്കരസഭാ പ്രതിനിധികൾ, സംഘാടക സമിതി പ്രവർത്തകർക്കും, ചെറുതും വലുതുമായ പ്രവർത്തനങ്ങൾ നടത്തിയ ഓരോ മലങ്കര നസ്രാണിക്കും ഷാർജയിലെ മലങ്കര മക്കളുടെ നന്ദി....

സഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ സമ്മേളനത്തിന് പ്രായത്നിച്ചവരെയും അതിൽ പങ്കെടുത്തവരെയും ഹൃദയപൂർവം അഭിനന്ദിക്കുന്നു. മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം; പാരമ്പര്യം; അണയാത്ത തിരി നാളമായി എന്നും ഹൃദയത്തിൽ ജ്വലിക്കട്ടെ..





**മാർത്തോമൻ പൈതൃക സംഗമത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മരുഭൂമിയിലെ പരുമലയിൽ സഭയുടെ മക്കൾ ഒത്തുചേർന്നപ്പോൾ.**




കോട്ടയം: മാർത്തോമൻ പൈതൃക സംഗമ നഗറിന്റെ (നെഹ്റു സ്റ്റേഡിയം) പ്രധാന കവാടത്തിലെ കമാനം ഷാർജ ഇടവക അണിയിച്ചൊരുക്കിയപ്പോൾ

# Choose What Is Good






**Fr. Dr. Vivek Varghese**
**(General Secretary, MGOCSM)**

Choosing is a process of selecting or picking up something in our daily life. That may be philosophies, policies, beliefs or other things which compromise our interests and policies and may subject to our decision-making process. When we are facing a decision-making phase about which direction to go with our lives, many are not sure how to choose a path to pursue. Making a decision means taking a risk. We may fear not succeeding, experiencing disapproval from others or being ultimately disappointed by our choice. Mahatma Gandhi asked politicians to “Recall the face of the poorest and weakest man you have seen, and ask yourself if this step you contemplate is going to be any use to him.” So choosing something is very important and should be done with utmost care.

Choosing is a courageous step to exhibit our determination and personality. Because it is not just selecting something from alternatives but also it’s a bold step to reject something which won’t help us or benefit us. As a Christian we are supposed to reject worldly things and we must ignore various alternatives provided by the world. It is important to discern things according to our convictions. We should identify that strong belief in the God almighty as a significant factor to accepting God’s wisdom. You must recognize the fact that God wants to communicate his wisdom with us. Proverbs 4:18 says: “The path of the righteous is like the first gleam of dawn, shining ever brighter till the full light of day.” God’s direction in our decision will become clearer. Even if we are immersed with various factors in the secular world, it is important to choose things in the light of our faith and cultural legacy. True goodness is divine. When a young ruler addressed Christ with an idle as “good teacher” (Mark 10:17), Christ answered the man with the reminder that “no one is good but God alone.” Every virtue that inspires and illuminates us may connect our lives to divinity.

### Exercise of freewill

Choosing ‘what is good’ always depends upon the decision we make on choices. The greatest gift from above to humankind is free will and freedom to act. By giving humankind His image and likeness (Gen. 1.26), God gave to Adam free will. It is the ability to choose between good and evil. We may feel that commandments and rules may limit our freedom. Even though God commanded Adam to not eat of the one tree, Adam and Eve did actually eat from the tree. God never forced Adam to do anything or prevented him from anything. God will never force us either. We have the free will to choose between good and evil as well, the ability to choose God or not to choose God. It is our responsibility to exercise the freedom responsibly. It is our decision whether to open the door or not when Christ knocks.

### Obedience and Choosing of Good

Saint Paul wrote: "For as by one man's disobedience many were made sinners, so also by one Man's obedience many will be made righteous" (Romans 5:19). As we have seen earlier, God has given us free will and we can make decisions according to our free will, but as a Christian, we must make our choices in relation with God and in obedience with his commandments. We need to keep in mind that the choices we make define us. We must open our minds to the Word of God. Our choices reveal to whom do we belong. Jesus said “No man can serve two masters: for either he will hate the one, and love the other; or else he will hold to the one, and despise the other. He cannot serve God and mammon.” (Matthew 6.24) So, at first we have to choose to whom we belong to and then we should obey the principles. Obedience is a choice. God has given us a freedom in Christ. We should fully commit ourselves to Him and His authority. The choice to obey is ours.

Abraham is an example of the role that obedience plays in God’s plan of salvation. In obeying God by faith, Abraham acted according to God’s revelation. He made all choices in an obedient relation with God. Saint Mary, Mother of God is another good example for obedience. She chose the Word of God by saying: "May it be to me as you have said." (Luke 1:38). Her faith and obedience was obviously deep enough for her to offer herself as a willing servant. Saint Irenaeus says that, by her obedience the Divine Mother repaired the evil done by Eve's disobedience: "As Eve, by her disobedience, caused her own death and that of the whole human race, so did the Virgin Mary, by her obedience, become the cause of her own salvation and of that of all mankind." We can find lots of personalities in the Holy Bible who enriched themselves with good choices in an obedient relationship with God.

### Humility and Choosing of good

The word ‘humility’ derives from the Latin roots ‘humus’ or ‘humilis’ which can be translated as humble, ‘grounded,’ or ‘from the earth.’ The overall meaning of humility is referred to the ground. Humility is the genuine practice of putting others first. It is choosing the way of peace and reconciliation. In Genesis we can see how Abram chose the good portion in his life. It is written that (13:8-9): “So Abram said to Lot, ‘Let’s not have any quarreling between you and me, or between your herders and mine, for we are close relatives. Is not the whole land before you? Let’s part company. If you go to the left, I’ll go to the right; if you go to the right, I’ll go to the left.” This text sets a good example for us on how to ‘choose the good’. Humility is known as the “mother of all virtues,” and pride is known as “the cause of all sin.” The wise and honest person is the one who chooses to always be humble. The Early Church fathers observed humility as the means of following Christ. They believed that only through humility can we follow Christ; it is only through humility that we can overcome sin; and it is only through humility that we can continue and be perfected in Christ. Let us observe humility and be prepared for choosing the ‘good portion’.

### Contemplative Nature and Choosing of Good

“But the lord answered, ‘Martha, Martha,’ he said, ‘you worry and fret about so many things and yet few are needed...” Jesus demands here a contemplative nature from Martha. It is very important to listen to what Jesus is teaching us. When we are in church, we must listen to the prayers and chanting. We should pay utmost attention to the liturgical services as if we are in front of the God Almighty. We should leave everything else aside and pay attention. It should be the same at home when we read the Bible and pray with our parents. When we compare ourselves to Mary and Martha, who do we identify with?

Digital Media and Choosing of Good


In this era of the digital culture, electronic media has dramatically changed the media landscape by tethering users to their devices and changing the ways in which they behave around technology. People connected to the network via mobile electronic devices can create virtual space in which they function and interact with others without being physically present. This phenomenon distracts contemplative nature of humanity. Media and technologies are considered as ‘gifts of God’, but it is our duty to be wise and selective in the usage of these devices. Media experts say that, media multitasking occurs when users engage in other activities while engaging other activities. Due to the increase in the number of platforms and devices, people can access multiple media sources. The simultaneous use of multiple media sources diminishes the quality of the information that is being processed. It is same as in the situation of Martha: ‘we are worrying and fret about so many things.’ We should always keep in mind that while we associate multitasking with the feeling of enjoying other media sources while working or studying, it will lead to less productive work. Let us choose ourselves to be Masters of technology and not as its Slaves.

Fr. Lawrence Farley, a renowned scholar and author of many books, points out various challenges in the modern world. According to him, we help our children to discriminate as well, training them to know instinctively what is worthy of praise and what is worthy of blame. The paths of wisdom and folly are not usually clearly marked in our day, and the path of folly which leads to death often looks superficially like the path of wisdom. A solid education therefore will not simply teach children reading, writing, and arithmetic, but also the even more valuable skills of discerning between virtue and vice.

# മാർച്ച് മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ


## ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

**മാർച്ച് 09**



അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 133-ാം ഓർമ്മ
അങ്കമാലി ചെറിയപള്ളി

**മാർച്ച് 18**




പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 62-ാം ഓർമ്മ.
കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളി

**മാർച്ച് 19**



സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 94-ാം ഓർമ്മ.
കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളി

**മാർച്ച് 22**



കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 139-ാം ഓർമ്മ.
പാമ്പാക്കുട വലിയപള്ളി

**മാർച്ച് 25**



നാലാം മാർത്തോമ്മായുടെ 296-ാം ഓർമ്മ.
(കണ്ടനാട് പള്ളി).

# ദൈവമാതാവിനോടുള്ള വചനിപ്പ് പെരുന്നാൾ (സുബോറോ).



### ഇത്തവണ വചനിപ്പ് പെരുന്നാൾ ഹാശാ ആഴ്ചയിൽ

മാർച്ച് 25 പാശ്ചാത്യ സുറിയാനി ആരാധനാപാരമ്പര്യത്തിൽ വളരെയേറെ പ്രാധാന്യമുള്ള ഒരു ദിവസമാണ്. വചനിപ്പ് പെരുന്നാൾ എന്ന് അറിയപ്പെടുന്ന ഈ ദിവസമാണ് ഗബ്രിയേൽ ദൂതൻ കന്യാമറിയത്തോട് യേശുവിന്റെ ജനന വാർത്ത (മംഗള വാർത്ത) അറിയിച്ചതെന്നാണ് വിശ്വാസം. സിംഹഭാഗം വർഷങ്ങളിലും ഈ ദിവസം വലിയനോമ്പിലാണ് വരിക. വലിയ നോമ്പിൽ ശനി, ഞായർ ദിവസങ്ങളിലും, പാതിനോമ്പ് ബുധനാഴ്ച്ചയും നാല്പതാം വെള്ളിയാഴ്ച്ചയും മാത്രമാണ് കുർബാന അർപ്പിക്കുവാൻ സാധിക്കുക. വലിയ ആഴ്ച്ച (ഹാശാ ആഴ്ച്ച)യിൽ പെസഹ വ്യാഴാഴ്ച്ചയും ദുഃഖ ശനിയാഴ്ച്ചയും (അറിയിപ്പിന്റെ) മാത്രമാണ് കുർബാന അർപ്പിക്കുവാൻ അനുവാദമുള്ളത്. എന്നാൽ ഏത് ദിവസം വചനിപ്പ് വന്നാലും (ദുഃഖവെള്ളിയാണെങ്കിൽ പോലും) അന്ന് പെരുന്നാൾ രീതിയിൽ കുർബാന ചൊല്ലണമെന്ന് നിർബന്ധമാണ്.

ഇത്തവണ ഹാശായുടെ തിങ്കളാഴ്ചയാണ് വചനിപ്പ് പെരുന്നാൾ. 2027ൽ പെസഹായുടെ അന്നായിരിക്കും വചനിപ്പ് പെരുന്നാൾ. അവസാനമായി 2016 ലാണ് വചനിപ്പും ദു:ഖവെള്ളിയും ഒരുമിച്ച് വന്നത്. ഇനി ഈ നൂറ്റാണ്ടിലും അടുത്ത നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലും വചനിപ്പും ദു:ഖവെള്ളിയും ഒരുമിച്ച് വരില്ല. ഇനി 2157 ലാണ് വചനിപ്പും ദു:ഖവെള്ളിയും ഒരുമിച്ച് വരുന്നത്. 2168ലും ഇതാവർത്തിക്കും. ഈ നൂറ്റാണ്ടിൽ ഇനി 2029 ലും 2040 ലും ഓശാനയും വചനിപ്പും ഒരുമിച്ച് വരും. 2035ലും 2046 ലും ഈസ്റ്ററും വചനിപ്പും ഒരുമിച്ച് വരും. 2024, 2027, 2032, 2043, 2054, 2059, 2062, 2070, 2073, 2081, 2084, 2086, 2092, 2097, 2100 വർഷങ്ങളിൽ വചനിപ്പ് കഷ്ടാനുഭവ ആഴ്ച്ചയിൽ വരും. ഇതിൽ 2027 കൂടാതെ 2032, 2100 വർഷങ്ങളിൽ പെസഹായ്ക്കും 2062, 2073, 2084 വർഷങ്ങളിൽ ദു:ഖശനിയാഴ്ച്ചയും വചനിപ്പ് വരും. ബൈസാന്റിയൻ ആരാധനാപാരമ്പര്യത്തിൽ ഈസ്റ്ററും വചനിപ്പും ഒരുമിച്ച് വരുന്നതിന് സവിശേഷ പ്രാധാന്യമുണ്ട്. അവർ അതിനെ Kyriopascha എന്ന് വിശേഷിപ്പിക്കുന്നു. (കടപ്പാട്)

## ഒറ്റനോട്ടത്തിൽ

**മാർച്ച് 2024**

1. വി.കുർബ്ബാന
2. വി.കുർബ്ബാന
3. വി.കുർബ്ബാന
6. പാതി നോമ്പ് / ഉപവാസ പ്രാർത്ഥന
8. വി.കുർബ്ബാന
9. വി.കുർബ്ബാന
10. വി.കുർബ്ബാന
13. ഉപവാസ പ്രാർത്ഥന
15. വി.കുർബ്ബാന
16. വി.കുർബ്ബാന / ധ്യാനം
17. കാതോലിക്ക ദിനം / വി.കുർബ്ബാന
20. ഉപവാസ പ്രാർത്ഥന
22. നാൽപതാം വെള്ളി / വി.കുർബ്ബാന
23. വി.കുർബ്ബാന / ധ്യാനം
24. ഊശാന / വി.കുർബ്ബാന
25. വചനിപ്പ് പെരുന്നാൾ / വി.കുർബ്ബാന
27. ഉപവാസ പ്രാർത്ഥന
28. പെസഹാ വ്യാഴം
29. ദുഃഖവെള്ളി
30. വി.കുർബ്ബാന
31. ഈസ്റ്റർ


**മാർച്ച് 16 ന് ശനിയാഴ്ച 7.30 pm പത്തനംതിട്ട St. Basil Gosbal Team- ന്റെ അംഗങ്ങളായ ബഹുമാന്യരായ വൈദികർ നയിക്കുന്ന ധ്യാന ശുശ്രൂഷ നടത്തപെടുന്നതാണ്**

## വി. കുമ്പസാര സമയക്രമം

- എല്ലാ ദിവസവും വൈകുന്നേരം 5 മണി മുതൽ 7 മണി വരെയും, 8 മണി മുതൽ 10 മണി വരെയും വി. കുമ്പസാരം ഉണ്ടായിരിക്കുന്നതാണ്.
- മാർച്ച് 14 വ്യാഴാഴ്ച മുതൽ 23 ന് ശനിയാഴ്ചവരെ രാവിലെ 6 .30 മുതൽ 7 .30 വരെയും, 9 മണി മുതൽ 11 .30 മണി വരെയും വൈകുന്നേരം 4 .30 മുതൽ 7 മണി വരെയും, 8 മണി മുതൽ 10 മണി വരെയും വി. കുമ്പസാരം ഉണ്ടായിരിക്കുന്നതാണ്.
- ഹാശാ ആഴ്ചയിൽ വി. കുമ്പസാരം ഉണ്ടായിരിക്കുന്നതല്ല .

# മാർച്ച് 31 : വി. ദൈവാലയത്തിന്റെ പ്രതിഷ്ഠാദിനം

**മരുഭൂമിയിലെ പരുമലയായ ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദൈവാലയത്തിന്റെ** പ്രതിഷ്ഠാദിനമായ മാർച്ച് മാസം 31-ാം തീയതി ചാരിറ്റി ദിനമായി ആചരിക്കുന്നു. ചാരിറ്റി ദിനത്തോട് അനുബന്ധിച്ച് ഇടവകയ്ക്കുവേണ്ടിയും, രോഗികളായവർക്കു വേണ്ടിയും പ്രത്യേക പ്രാർത്ഥന നടത്തുന്നു.



## WORSHIP TIMING

| | | |
|---|---|---|
| Sunday | : 6:15 am | - Night Prayer , 7.00 am - Morning Prayer |
| | : 8:00 am | - Holy Qurbana |
| Sunday Evening | : 6:15 pm | - Evening Prayer |
| | : 7:00 pm | - Holy Qurbana |
| Tuesday | : 7:30 pm | - Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | : 7:30 pm | - Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | : 6:45 pm | - Evening Prayer |
| | : 7:30 pm | - Holy Qurbana |
| Saturday | : 4:45 am | - Night Prayer, 5.15 am - Morning Prayer |
| | : 5:45 am | - Holy Qurbana |

## വി. വേദവായന കുറിപ്പ്

March-3 : Fourth Sunday of Fifty days Lent (Canaanite woman) Matthew 15: 21-28
March-6 : Fourth Wednesday of Fifty days Lent (Mid Lent) St. John 3: 13-21
March-10 : Fifth Sunday of Fifty days Lent (Kpiptho/Crippled Woman) St. Luke 13: 10-17
March-17 : 6th Sunday of Fifty days Lent ( Samio) St.John 9:1-41
March-22 : 40th Friday - St. Mathew 4:1-11
March-23 : Lazarus Saturday - St. John 11: 28-46
March-24 : Hosanna/Palm Sunday - St.John 12:12-19, St.Luke 19:18-40
March-25 : Annunciation to St. Mary St. Luke 1: 26-38
March-28 : Passover Maundy Thursday - St. Luke 22: 14-30
March-29 : Great Friday
March-30 : Gospel Saturday - St. Matthew 27: 62 - 66
March-31 : Kymtho/Easter - St. Matthew 28: 1-20

- വലിയനോമ്പ് കാലയളവിൽ ഞായറാഴ്ചകളിൽ വൈകുന്നേരം വി. കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല.
- എല്ലാ ബുധനാഴ്ചകളിലും ഉപവാസ പ്രാർത്ഥന രാവിലെ 10 മണിമുതൽ ഉണ്ടായിരിക്കുന്നതാണ്.

## HOLY WEEK PROGRAMME - 2024

Chief Celebrant : **H. G. Alexios mar Eusebius Metropolitan** (Metropolitan, Calcutta Diocese )

| | | |
|---|---|---|
| March 22nd, Friday | 05.30 am – 07.00 am<br>06.45 pm – 09.00 pm | 40th Day of Great Lent - Morning Prayer & Holy Qurbana<br>Evening Prayer & Holy Qurbana |
| March 23rd, Saturday | 05.30 am – 07.00 am<br>07.00 am – 07.00 am | Lazarus Day, Morning Prayer & **Holy Qurbana**<br>Evening Prayer, Devotional Address<br>**H. G. Alexios mar Eusebius Metropolitan** |
| March 24th, Sunday | 06.00 am – 10.00 am | **Palm Sunday Service** & **Holy Qurbana**<br>**H.G. Geevarghese Mar Pachomios Metropolitan**<br>(Metropolitan, Malabar Diocese) |
| March 24th, Sunday | 06.45 pm – 09.00 pm | Vachanippu Perunnal (Anunciation to St. Mary)<br>Evening Prayer & Holy Qurbana |
| March 25st, Monday<br>March 26th, Tuesday | 07.30 pm – 09.30 pm | Evening Prayer, Devotional Address |
| March 27th, Wednesday | 06.00 pm – 10.30 pm | Evening Prayer<br>**Pessaha Service, Holy Qurbana** |
| March 28th, Thursday<br>(Maundy Thursday) | 05.30 pm – 07.30 pm<br>08.00 pm – 09.00 pm | Washing the Feet Service (കാൽ കഴുകൽ ശുശ്രൂഷ)<br>Evening Prayer & Devotional Address |
| March 29th, Friday<br>(Good Friday) | 07.00 am – 03.00 pm<br>03.30 pm<br>07.30 pm onwards | **Good Friday Service**<br>Nercha Kanji<br>Evening Prayer, Vigil Prayer – Bible Reading |
| March 30th, Saturday<br>(Holy Saturday) | 09.00 am – 11.30 am<br>06.00 pm – 10.30 pm | Morning Prayer & **Holy Qurbana**<br>(Remembrance of the Departed Ones)<br>**Easter Service & Holy Qurbana** |

This year also there will be Good Friday & Easter service at the Indian Association Hall, Ajman for the convenience of our people staying in Ajman, Umm Al quwain and near by areas.

## ഗ്രീഗോറിയൻ പരത്തുന്ന വായനയുടെ വെളിച്ചത്തിനൊപ്പം

മരുഭൂമിയിലെ പരുമലയായി പരിലസിക്കുന്ന ഷാർജ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ മുഖപത്രമായ ഗ്രിഗോറിയന്റെ പത്രാധിപസമിതിയിൽ ഇടവക പ്രതിനിധിയായി 2018 ഫെബ്രുവരി മുതൽ 6 വർഷങ്ങൾ പ്രവർത്തിക്കുവാൻ അവസരം ലഭിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. മരുഭൂമിയുടെ ഈ ഊഷരഭൂമിയിൽ ആത്മീയ ചിന്തകൾ, പഠനങ്ങൾ, സഭയുടെയും ഇടവകയുടെയും അദ്ധ്യാത്മിക സംഘടനകളുടെയും, വാർത്തകൾ, ഇവയ്ക്കൊപ്പം സാമൂഹിക ചിന്തകളും പങ്കുവയ്ക്കുന്ന നിറഭേദങ്ങൾ സമന്വയിപ്പിച്ച യാത്രയായിരുന്നു ഗ്രീഗോറിയനിലൂടെ. അഭിവന്ദ്യ പിതാക്കന്മാരും, വൈദീകരും, പ്രമുഖ വ്യക്തിത്വങ്ങളും ഗ്രീഗോറിയന്റെ താളുകളെ ജീവസ്സുറ്റതാക്കി. ഈ കാലയളവിന് ചരിത്രപരമായി അടയാളപ്പെടുത്തുന്ന അതിജീവത്തിന്റെ പരമ്പരകൾ വന്നു ഭവിച്ചത് യാദൃശ്ചികം എങ്കിലും അവ നൽകുന്ന പാഠങ്ങൾ വിവരണാതീതമാണ്.

2018 ലും 2019 ലും രണ്ടു മഹാജലപ്രളയങ്ങൾ മലയാള നാടിനെ ഭീതിയിലാഴ്ത്തി. എന്നിരുന്നാലും അവിടെ അതിജീവനത്തിന്റെ പച്ചപ്പുകൾ മുളപൊട്ടി. പിന്നീട് കണ്ടത് ലോകമെമ്പാടും ഭീതിവിതച്ച കോവിഡ് 19 ആയിരുന്നു. ഈ നിമിഷം കഴിഞ്ഞാൽ എന്ത് എന്ന ചിന്ത ഭരിച്ച ഭയാനകമായ നാളുകൾ. പൂട്ടിക്കെട്ടലുകളിൽ സ്വയം അടങ്ങിയും ഉൾവലിഞ്ഞും പ്രാർത്ഥന നിർഭരമായി അതിജീവനത്തിന്റെ പാഠങ്ങൾ മാനവരാശി പൂർണമായും കണ്ടെത്തിയ മഹാസംഭവം. കഠിന കാലാവസ്ഥയെ അതിജീവിക്കുന്ന മരുഭൂമിയിലെ കല്പവൃക്ഷമായ 'ഖേജ്രി'യെപ്പോലെ മാനവലോകം നിലനിന്നുവെങ്കിൽ അത് സർവ്വശക്തന്റെ കരുണ. നെഞ്ചുപിടയുന്ന വാർത്തകളും ഗ്രിഗോറിയനിലൂടെ യഥോചിതം റിപ്പോർട്ട് ചെയ്തത് ഓർത്തു പോകുന്നു.

ഗ്രിഗോറിയൻ ഓരോ മാസവും ആദ്യവാരത്തിൽ ഇടവക ജനങ്ങളിലേക്ക് എത്തുന്നു. കാലാനുസൃതമായി കെട്ടിലും, മട്ടിലും, ഉള്ളടക്കത്തിലും പ്രകടമായ മാറ്റം കൊണ്ടുവരാൻ പരമാവധി ശ്രമം ഉണ്ടായി. വിമർശനങ്ങളെ സ്വീകരിക്കുവാനും തിരുത്തലുകൾ വേണ്ടവിധത്തിൽ വരുത്തുവാനും ശ്രമിച്ചിട്ടുണ്ട്. ഈ കാലയളവിൽ പത്രാധിപ സമിതിയിൽ ഉണ്ടായിരുന്ന ബഹുമാന്യരായ ഇടവക വികാരിമാരും സഹവികാരിമാരുമായ വൈദിക ശ്രേഷ്ഠർ, ട്രസ്റ്റിമാർ, സെക്രട്ടറിമാർ, മാനേജിങ് കമ്മിറ്റി പ്രതിനിധികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് ഓരോ ഗ്രീഗോറിയന്റെയും പിറവി. പത്രാധിപസമിതിയിൽ ഉണ്ടായിരുന്ന ഓരോ മഹനീയ വ്യക്തിത്വങ്ങളോടും അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു. ഇടവക ജനങ്ങൾ ഉൾപ്പെടെയുള്ള പ്രിയപ്പെട്ട എല്ലാ വായനക്കാരോടും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു. വാർത്തകളും, ചിന്തകളുമായി ഗ്രീഗോറിയൻ യാത്ര തുടരട്ടെ; മരുഭൂമിയിലെ നന്മമരമായി നമ്മുടെ ഇടവകയും.

കൃതജ്ഞതയോടെ,



**ബിജു തങ്കച്ചൻ**
എഡിറ്റർ - ഇടവക പ്രതിനിധി

## യാത്രയയപ്പ്



**GREGARI THOMAS PANICKER**
2023 മുതൽ ഇടവകാംഗം
G-230



**PHILIPOSE CHANDY**
1990 മുതൽ ഇടവകാംഗം
P-012



**ROY THOMAS**
2015 മുതൽ ഇടവകാംഗം
R-287



**AJESH VARGHESE**
2022 മുതൽ ഇടവകാംഗം
A-398

ഇവർ ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | MEMBER NAME | AREA | MOB NO |
|---|---|---|---|
| A-431 | ANOOP GEORGE | AND | 050-9095464 |
| A-432 | ALEN ABY LAL | MSL | 050-7623163 |
| B-450 | BINU GEORGE | DXB | 056-6741741 |
| J-795 | JELIN T VARGHESE | OAI | 050-7625875 |
| J-796 | JESBIN JOHN THOMAS | SJC | 056-4637450 |
| J-797 | JUSTIN GEORGE VARGHESE | SJU | 055-1662425 |
| J-798 | JACKSON PHILIP POOVATHOOR | AJS | 052-5865051 |
| J-799 | JINI MATHEW THOMAS | DXB | 050-1539031 |
| K-118 | KEVIN VARGHESE EAPEN | MSL | 058-2489003 |
| L-113 | LIJU JOHN JOSEPH | MSL | 052-8540973 |
| P-161 | PRINCE EAPEN | AJK | 055-1972650 |
| S-867 | SIJO MATHEW SIMON | AND | 055-3969881 |
| S-868 | SAJI VARGHESE | MSL | 055-7811780 |
| V-232 | VINI THOMAS IYPE | SRQ | 052-9785685 |

# MARTHA MARIYAM VANITHASAMAJAM

- ★ റെഗുലർ മീറ്റിംഗ് 10 ന് വി.കുർബാനയ്ക്കു ശേഷം നടത്തപ്പെടുന്നതാണ്.
- ★ Medical cell 3,17 തീയതികളിൽ വി. കുർബാനയ്ക്കു ശേഷം പ്രവർത്തിക്കുന്നതാണ്.




മർത്തമറിയം വനിതാ സമാജത്തിന്റെയും യുവജനപ്രസ്ഥാനത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 18-02-2024 ന് വി.കുർബാനയ്ക്കുശേഷം പ്രവർത്തന ഉദ്ഘാടനവും,മെമ്പർഷിപ്പ് വിതരണ ഉദ്ഘാടനവും നടത്തപ്പെട്ടു


# OCYM

1. പേത്തുർത്ത ഫുഡ് സെയിൽ: യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം 11/02/2024 ഞായറാഴ്ച ഫുഡ് സെയിൽ നടത്തപ്പെട്ടു.
2. യൂണിറ്റ് പ്രവർത്തനോദ്ഘാടനം: യുവജന പ്രസ്ഥാനത്തിന്റെയും മർത്തമറിയം സമാജത്തിന്റെയും സംയുക്ത പ്രവർത്തനോദ്ഘാടനം & മെമ്പർഷിപ് വിതരണോദ്ഘാടനം ഈ വർഷം 18/02/2024 ന് (ഞായറാഴ്ച) വി: കുർബ്ബാനയ്ക്ക് ശേഷം പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ഇടവക വികാരി വന്ദ്യ ഫിലിപ്പ് എം സാമുവേൽ കോർഎപ്പിസ്കോപ്പ അച്ചൻ, സഹ വികാരി ജിജോ തോമസ് രാജൻ അച്ചൻ എന്നിവർ ഉദ്ഘാടനം നടത്തുകയുണ്ടായി. ഇടവക ട്രസ്റ്റീ ശ്രീ. തോമസ് തരകൻ എം.ഒ., സെക്രട്ടറി ശ്രീ. ബിനു മാത്യു , പ്രസ്ഥാനം സെക്രട്ടറി ശ്രീ വർഗ്ഗീസ് ജോൺ കെ, വൈസ് പ്രസിഡന്റ് ശ്രീ ജാസിൻ എം രാജു, ട്രഷറർ ശ്രീ. സോബിൻ മാത്യൂസ്, ഡൽഹി ഭദ്രാസനം യു.എ.ഇ ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ ശ്രീ. പ്രസാദ് ഫിലിപ് വർഗ്ഗീസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു. പ്രസ്ഥാനത്തിന്റെ 2024 വർഷത്തെ ആദ്യ മെമ്പർഷിപ് പ്രസിഡന്റ് വൈസ് പ്രസിഡന്റ് ജാസിൻ. എം. രാജുവിന് നൽകി ഉദ്ഘാടനം നിർവഹിച്ചു.
3. AlAin തീർത്ഥയാത്ര: എല്ലാ വർഷവും ഇടവക മാനേജിങ് കമ്മിറ്റിയുടെ സഹകരണത്തിലും യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വട്ടശ്ശേരിൽ മാർ ദീവന്ന്യാസോസ് തിരുമേനിയുടെ ഓർമ്മ പെരുനാളിനോട് അനുബന്ധിച്ച നടത്തപെടുന്ന തീർത്ഥയാത്ര ഈ വർഷവും 03/03/2024 തീയതി നടത്തപെടുന്നു.
4. കാതോലിക്കാദിനാഘോഷം : യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഇടവക മാനേജിങ് കമ്മിറ്റിയുടെ സഹകരണത്തോടു കൂടി നടത്തിവരാറുള്ള കാതോലിക്കാദിനാഘോഷ റാലിയും പൊതുസമ്മേളനവും ഈ വർഷവും മാർച്ച് മാസം 17 തീയതി ഞായറാഴ്ച വി: കുർബ്ബാനയ്ക്ക് ശേഷം നടത്തപ്പെടുന്നു.
5. വലിയ നോമ്പ് ധ്യാനം: യുവജന പ്രസ്ഥാനത്തിന്റെയും മർത്തമറിയം സമാജത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ വലിയ നോമ്പിലെ ലാസറിന്റെ ശനിയാഴ്ച (23/03/2024) സന്ധ്യാ നമസ്കാരത്തിന് ശേഷം പള്ളിയിൽ വെച്ച് ധ്യാന യോഗം നടത്തപ്പെടുന്നു.




# AMOSS

നമ്മുടെ ഇടവകയിലെ അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം (AMOSS ) സെക്രട്ടറിയായി നിയോഗിക്കപ്പെട്ട ശ്രീ. ബിജുമോൻ ഡാനിയേൽ (B-280)



# SUNDAY SCHOOL ANNOUNCEMENTS

**OVBS-2024 :**

OVBS Registration Special counter is open.

1. Friday (Evening after Holy Qurbana)
2. Sunday (Morning and Evening during Sunday School classes).
3. All other days please register at the church office.

Once Reg.fees paid at the counter/office, will get the Reg.Coupon.
Then please register on the Google forms available in the church website SS section, or scan th QR code on counter, or in the following link :

https://docs.google.com/forms/d/e/1FAIpQLSd9PfIdoL4PP-rx U1wP-Co86d41-_ULEZcrpqMKinkbcaWTLaw/viewform

While registering the form, must enter the Registration Number (mentioned on the Reg. coupon) and other details.

Regn.Closing Date : 24th March ( Hosanna Sunday )
Rev. Fr. Sumod Samuel ( Delhi) will be the Resource person for OVBS-2024.
Mrs.Elssa Aby Abraham selected as the OVBS-2024 Superintendent, and SS Headmaster Mr.Bijo Kaleekkal will be the OVBS Convener.




OVBS-2024 Logo Release



Sunday School day Celebration




# MGOCSM

The regular meeting was held on February 11,2024. It went fruitful with a study class, important points discussed and a brief talk on the importance of fasting and prayer during the Great Lent.

The regular meeting for the month of March will be held on 23rd(Saturday) at 10 am to 12 pm

Requesting all interested students, MGOCSM members, Senior Friends and Well-Wishers to attend the same

